I/574025/2023

"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ,

തിരുവനന്തപുരം

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ: ജാസ്മിൻ ബി, കെ എ എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ശ്രീമതി. ശ്രീലേഖ.പി.കെ, സ്റ്റോർ അറ്റൻഡർക്ക് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:-

1. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.11.2016-ലെ TA No.4221/2012 നമ്പർ ഉത്തരവ്.
2. 08.06.2017 തീയതിയിലെ സ.ഉ (സാധാ) 739/2017/തൊഴിൽ
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 17.02.2023 ലെ OA-2135/2019 നമ്പർ ഉത്തരവ്.
4. സർക്കാർ കത്ത് നം.C1/8/2020-LBRD Dated 27.09.2023
5. 30.09.2023 തീയതിയിലെ DT/1727/2023-A9 നമ്പർ ഉത്തരവ്.
6. 15.11.2023 തീയതിയിലെ DT/1727/2023-A9-Part(1) നമ്പർ ഉത്തരവ്.
7. 23.12.2019 തീയതിയിലെ DT/3972/2019-A9 നമ്പർ ഉത്തരവ്.
8. സർക്കാർ കത്ത് നം.C1/8/2020-LBRD Dated 28.11.2023.

**ഉത്തരവ് നമ്പർ: DT/1727/2023-A9 തീയതി: 28-11-2023**

ആറ്റിങ്ങൽ ഐ.ടി.ഐ യിൽ സ്വീപ്പർ തസ്തികയിൽ 179 ദിവസത്തേയ്ക്ക് താത്കാലിക നിയമനം നൽകിയിരുന്ന ശ്രീമതി.ശ്രീലേഖ.പി.കെ, ശ്രീമതി.ജാസ്മി ബീഗം എന്നിവരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം റഗുലറൈസ് ചെയ്ത് ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (3) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) സർക്കാർ നിർദ്ദേശത്തിന് വിധേയമായി ടി ജീവനക്കാർക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 01.06.2009 മുതലുള്ള സീനിയോരിറ്റി നോഷണൽ പ്രൊമോഷൻ എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുമെന്നും, 01.06.2009 മുതലുള്ളതും തടഞ്ഞുവച്ചിട്ടുള്ളതുമായ അർഹതപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും പ്രിൻസിപ്പാളിന് അനുമതി നൽകി പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു. പരാമർശം(6) പ്രകാരം ടി ജീവനക്കാർക്ക്, സ്റ്റോർ അറ്റൻഡർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിക്കുകയും, സ്റ്റോർ അറ്റൻഡർ തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നം.232 ശ്രീ.ജഗദീഷ് ചന്ദ്രൻ.കെ യ്ക്ക് മുകളിൽ യഥാക്രമം 231 (A), 231 (B) ആയി ക്രമീകരിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. മേൽ ജീവനക്കാരിൽ ശ്രീമതി.ശ്രീലേഖ.പി.കെ മാത്രം എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനകയറ്റത്തിനു അർഹയാണ്. ശ്രീമതി.ശ്രീലേഖ.പി.കെ യുടെ ജൂനിയറും ക്രമ നമ്പർ. 232 മായ ശ്രീ.ജഗദീഷ് ചന്ദ്രൻ കെ യ്ക്ക് (സ്ഥാനക്കയറ്റം അനുവദിച്ച കാലയളവിൽ സ്റ്റോർ അറ്റൻഡർ തസ്തികയിലെ സീനിയോരിറ്റി നമ്പർ 233) എൽ.ഡി സ്റ്റോർ

കീപ്പർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിച്ച പരാമർശം(7) ഉത്തരവ് തീയതി പ്രാബല്യത്തിൽ ശ്രീമതി.ശ്രീലേഖ.പി.കെ യ്ക്ക് എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ നോഷണൽ പ്രൊമോഷന് അർഹതയുണ്ട്. KS&SSR ഭാഗം 1 ചട്ടം 2(6)(f) ലെ വ്യവസ്ഥ പ്രകാരം ശ്രീമതി.ശ്രീലേഖ.പി.കെ യുടെ സ്റ്റോർ അറ്റൻഡർ തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതാണെന്ന നിബന്ധനയ്ക്ക് വിധേയമായി, ടിയാൾക്ക്, ടിയാളുടെ ജൂനിയറിനു പ്രൊമോഷൻ നൽകിയ ഉത്തരവ് തീയതി പ്രാബല്യത്തിൽതന്നെ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിക്കാവുന്നതാണെന്ന് പരാമർശം(8) പ്രകാരം സർക്കാരിൽ നിന്ന് അറിയിച്ചിട്ടുണ്ട്.

പരാമർശം(4) കോടതി ഉത്തരവ് അടിയന്തിരമായി നടപ്പിലാക്കേണ്ടതിനാലും, പരാമർശം(8) സർക്കാർ കത്തിന്റെ അടിസ്ഥാനത്തിലും ശ്രീമതി.ശ്രീലേഖ.പി.കെ യ്ക്ക് ടിയാളുടെ ജൂനിയറും ക്രമ നമ്പർ 232 മായ ശ്രീ.ജഗദീഷ് ചന്ദ്രൻ.കെ യ്ക്ക് എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ സ്ഥാനകയറ്റം അനുവദിച്ച, 23.12.2019 തീയതി പ്രാബല്യത്തിൽ, KS&SSR-ലെ പൊതുചട്ടം 28 (b)(ii) പ്രകാരം 26500-60700 രൂപ ശമ്പള നിരക്കിൽ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് ചുവടെ ചേർക്കുന്ന സ്ഥാപനത്തിൽ നിയമിച്ച് ഉത്തരവാകുന്നു. തസ്തികയുമായി ബന്ധപ്പെട്ട സാമ്പത്തിക ആനുകൂല്യങ്ങൾക്ക് തസ്തികയിൽ ചാർജ്ജ് എടുത്ത തീയതി മുതൽ മാത്രം അർഹതയുണ്ടായിരിക്കുന്നതാണ്.

| ക്രമ നം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം | പേര്/തസ്തിക/സ്ഥാപനം | സ്ഥാനക്കയറ്റം അനുവദിച്ച് നിയമിക്കുന്ന തസ്തിക/ സ്ഥാപനം |
|---|---|---|---|
| 1 | 231 (A) | ശ്രീമതി.ശ്രീലേഖ.പി.കെ<br>സ്റ്റോർ അറ്റൻഡർ<br>ഐ.ടി.ഐ ചാക്ക<br>(PEN 421347) | എൽ.ഡി സ്റ്റോർ കീപ്പർ<br>ഐ.ടി.ഐ ആര്യനാട് |

മേൽ പ്രകാരം സ്ഥാനകയറ്റം അനുവദിച്ച ജീവനക്കാരിക്ക് ചട്ടപ്രകാരമുള്ള ജോയിനിംഗ് ടൈം/ ടി.എ എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ടി ജീവനക്കാരിയെ വിടുതൽ ചെയ്തതും സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

കോടതി ഉത്തരവ് നടപ്പിലാക്കുന്നതിനു വിധേയമായി ശ്രീമതി.ശ്രീലേഖ.പി.കെ യ്ക്ക് എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിൽ ഉദ്യോഗകയറ്റം അനുവദിച്ചിട്ടുള്ളതിനാൽ, ടിയാൾക്ക് സ്റ്റോർ അറ്റൻഡർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച 06.10.2017 തീയതി മുതൽ പ്രൊബേഷൻ ആരംഭിച്ചതായി കണക്കാക്കി, ഒരു വർഷ കാലയളവ് പൂർത്തിയാക്കിയതായി ശിപാർശ സമർപ്പിക്കേണ്ടതാണ്. ടി തസ്തികയിലെ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയതിനു ശേഷമുള്ള തീയതി മുതൽ മാത്രമെ എൽ.ഡി സ്റ്റോർ കീപ്പർ തസ്തികയിലെ പ്രൊബേഷൻ ആരംഭിക്കുകയുള്ളൂ.

(ഒപ്പ്)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

<u>സ്വീകർത്താവ്:-</u>

I/574025/2023

ബന്ധപ്പെട്ട ജീവനക്കാരി.

<u>പകർപ്പ്:-</u>

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
2. വകുപ്പ് വെബ്സൈറ്റ്
3. കരുതൽ ഫയൽ (എ9)

//ഉത്തരവിന് പ്രകാരം//

സീനിയർ സൂപ്രണ്ട്